STATE COUNCIL OF EDUCATIONAL RESEARCH AND TRAINING
SCERT Kerala
Vidyabhavan, Poojappura, Thiruvananthapuram - 695 012
Phone: 0471 - 2341883, 2340323, fax: 0471-2341869
E-mail: scertkerala@gmail.com, web: www.scert.kerala.gov.in

# കലാ വിദ്യാഭ്യാസം, ആരോഗ്യ കായിക വിദ്യാഭ്യാസം, പ്രവൃത്തി വിദ്യാഭ്യാസം

## *ക്ലാസ്റൂം വിനിമയവും വിലയിരുത്തലും - മാർഗ്ഗരേഖ*

(കരട്)

കലാ കായിക പ്രവൃത്തിപഠന വിഷയങ്ങൾക്ക് പ്രകടന-പ്രയോഗ വിലയിരുത്തലിനാണ് ഏറെ പ്രസക്തിയുളളത്. പഠന നേട്ടങ്ങളെ (എൽ.ഒ) അടിസ്ഥാനമാക്കി അവശ്യം അറിഞ്ഞിരിക്കേണ്ട അടിസ്ഥാന വൈജ്ഞാനിക ധാരണ കൂടി ഇതോടൊപ്പം പരിശോധിക്കപ്പെടേണ്ടതാണ്.

ടേംമൂല്യനിർണയം കേവലം അറിവു പരിശോധിക്കലും എഴുത്തുപരീക്ഷയും ആയാണ് പൊതുവെ നടന്നുപോകുന്നത്. തന്മൂലം കുട്ടിയിൽ മാനസിക പിരിമുറുക്കവും ഭയവും ഉണ്ടാകുന്നു. കുട്ടികളുടെ പഠനനേട്ടം വിലയിരുത്താൻ എഴുത്തുപരീക്ഷ എത്രമാത്രം പര്യാപ്തമാണ് എന്നത് ഇപ്പോഴും ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. പ്രകടന പ്രയോഗ വിലയിരുത്തലിന്റെ പ്രാധാന്യം ഇവിടെയാണ് ഏറ്റവും പ്രസക്തമായിത്തീരുന്നത്. അതിനാൽ പുതിയൊരു ടേം വിലയിരുത്തൽ മാതൃക നിർദേശിക്കുകയാണ്.

എൽ.പി ക്ലാസുകളിൽ ഭാഷ, ഗണിതം, പരിസരപഠനം വിഷയങ്ങളുമായി ഉൽഗ്രഥിച്ചുകൊണ്ടാണ് കലാ, കയിക, പ്രവൃത്തിപഠന വിഷയങ്ങൾ വിനിമയം ചെയ്യുന്നത്. അതിനുസൃതമായ രിതിയിലായിരിക്കണം ലോവർ പ്രൈമറി ക്ലാസുകളിലെ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതും വിലയിരുത്തേണ്ടതും.

**<u>ക്ലാസ്റൂം വിനിമയം - നിരന്തര വിലയിരുത്തൽ</u>**

**യു.പി, ഹൈസ്കൂൾ ക്ലാസുകൾ**

പഠനപ്രക്രിയയോടൊപ്പം നിർവഹിക്കുന്ന വിലയിരുത്തലാണ് നിരന്തരവിലയിരുത്തൽ. ഇത് നിർവഹിക്കുന്നതിന് 4 ഘടകങ്ങൾ പരിഗണിക്കാം

- **പഠനപ്രക്രിയയുടെ വിലയിരുത്തൽ** - പ്രക്രിയാ വിലയിരുത്തലിനായി ടീച്ചിംഗ് മാന്വലിന്റെ വിലയിരുത്തൽ പേജിൽ രേഖപ്പെടുത്തുന്ന റിഫ്ളക്ഷൻ കുറിപ്പുകൾ പ്രയോജനപ്പെടുത്താവുന്നതാണ്.
- **വർക്ക്ഡയറി വിലയിരുത്തൽ** - വർക്ക് ഡയറി പ്രക്രിയാ വിലയിരുത്തലിനുള്ള പഠന തെളിവായി ഉപയോഗപ്പെടുത്താം. ഇത് സമയബന്ധിതമായി പരിശോധിക്കുകയും നിർദ്ദേശങ്ങൾ നൽകുകയും വേണം.
- **പോർട്ട്ഫോളിയോ വിലയിരുത്തൽ** - പഠന പ്രവർത്തനത്തിലൂടെ കടന്നു പോവുമ്പോൾ പഠിതാവ് തെരെഞ്ഞെടുത്ത ഏറ്റവും മികച്ച ഉൽപ്പന്നങ്ങൾ വിശദീകരണ കുറിപ്പോടെ ഉൾപ്പെടുത്തിയ ഒരു ശേഖരമാണ് പോർട്ട് ഫോളിയോ.
- **യൂണിറ്റ് തല വിലയിരുത്തൽ** - വിഷയമേഖലകളുമായി ബന്ധപ്പെട്ട വാചിക വിലയിരുത്തൽ, പ്രകടന വിലയിരുത്തൽ, ആശയ ധാരണ വിലയിരുത്താനുള്ള ക്വിസ് മത്സരങ്ങൾ തുടങ്ങിയവയിലൂടെ യൂണിറ്റ് വിലയിരുത്തൽ നിർവ്വഹിക്കാവുന്നതാണ്.

കൂടാതെ ദൃശ്യരേഖകൾ, ആൽബങ്ങൾ, എക്സിബിഷനുകൾ, പ്രദർശനം എന്നിവ കുട്ടിയുടെ പഠന നേട്ടം വിയിരുത്തുന്നതിനുള്ള ഉപാധികളാക്കാവുന്നതാണ്. കുട്ടികളുടെ പ്രകടനങ്ങളുടെ ഭാഗമായി

ഡമോൺസ്ട്രേഷൻ, സംഘചർച്ച, സർഗാത്മക അവതരണങ്ങൾ, അഭിമുഖം, വിമർശക്കുറിപ്പ്, വിവിധ ശോധകങ്ങൾ, പ്രതികരണങ്ങൾ എന്നിങ്ങനെയുള്ള ഉപാധികൾ പരിഗണിക്കാവുന്നതാണ്. വൈവിധ്യമാർന്ന സാധ്യതകൾ നിരന്തര വിലയിരുത്തലിനായി സ്വീകരിക്കാവുന്നതാണ്. ടീച്ചറുടെ ആസൂത്രണ രേഖയിലും (ടീച്ചിംഗ് മാന്വൽ) വിലയിരുത്തൽ രേഖയിലും കുട്ടിയുടെ നില രേഖപ്പെടുത്തണം. കൃത്യമായ സൂചകങ്ങളുടെ അടിസ്ഥാനത്തിലാണ് നിരന്തര വിലയിരുത്തൽ നടക്കേണ്ടത്. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ ഘടകങ്ങളും പരിഗണിച്ച് കുട്ടിക്ക് ഗ്രേഡുകൾ നൽകണം.

നടത്തിപ്പ്

- അതതു വിഷയങ്ങളുടെ പിരീഡുകളിൽ സോഴ്സ്ബുക്കിൽ അതതു ടേമിൽ (മാസത്തിൽ) വിനിമയം ചെയ്യേണ്ട പഠനനേട്ടങ്ങൾ പരിഗണിച്ചുകൊണ്ട്വേണം ക്ലാസ്റൂം പ്രവർത്തനവും നിരന്തര വിലയിരുത്തലും നടത്താൻ
- എസ്.ആർ.ജി യോഗങ്ങളിൽ ഈ വിഷയങ്ങളുടെ ക്ലാസ്റൂം പ്രവർത്തനങ്ങളുടെ മികവും നേരിടുന്ന , പ്രശ്നങ്ങളും ചർച്ചെയ്യേണ്ടതാണ്. അതു പരിഗണിച്ച് ട്രൈ ഔട്ടുകൾ ആസൂത്രണം ചെയ്യേണ്ടതാണ്.
- പ്രത്യേകം അധ്യാപകരില്ലാത്ത വിദ്യാലയങ്ങളിൽ സ്കൂൾ എസ്.ആർ.ജിയിൽ ചുമതലാ വിഭജനം നടത്തി അധ്യാപകരെ പ്രവർത്തനങ്ങൾ നടത്താൻ ഉത്തരവാദപ്പെടുത്തണം. ഈ വിഷയങ്ങളിലെ പഠനനേട്ടങ്ങൾ പരിഗണിച്ച്, അനുവദിക്കപ്പെട്ട പിരീഡുകളിൽ പഠനപ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്.
- എസ്.ആർ.ജി യിൽ ചുമതലപ്പെടുത്തിയ അധ്യാപകരാണ് അതതു ക്ലാസുകളിൽ പ്രസ്തുത വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടത്; നിരന്തര വിലയിരുത്തൽ നടത്തേണ്ടത്.
- ഈ വിഷയങ്ങളിൽ ഉള്ള പഠനനേട്ടങ്ങളിൽ കുട്ടികൾക്ക് സ്വയംപഠനത്തിനും സംഘപഠനത്തിനുമുള്ള അവസരങ്ങൾ പ്രയോജനപ്പെടുത്തേണ്ടതാണ്.
- വിഷയങ്ങളുടെ ഉൽഗ്രഥന സാധ്യതകളും പരിഗണിക്കാം. കലാപഠനത്തിലെ നാടകം എന്നവിഭാഗം ഭാഷാപ്രവർത്തനങ്ങളുടെ ആവിഷ്കാരവുമായി ബന്ധപ്പെടുത്താം. ചരിത്രം, സാമൂഹ്യ ശാസ്ത്രം എന്നീ വിഷയങ്ങളും പരിഗണിക്കാം.
- നൃത്തം, സംഗീതം എന്നിവയിൽ ഐ.സി.ടി.സാധ്യതകൾ പ്രയോജനപ്പെടുത്താം.
- പ്രാദേശിക സാധ്യതകൾ പ്രയോജനപ്പെടുത്തണം. രക്ഷിതാക്കളുടെ ഇടയിലുള്ള / വിദ്യാലയ പരിസരത്തുള്ള കലാ കായിക പ്രവൃത്തിപഠന മേഖലയിൽ വൈദഗ്ധ്യമുള്ളവരുടെ സഹകരണം ഉറപ്പാക്കാവുന്നതാണ്.
- സി.പി.ടി.എ ചേരുകയും ഈ വിഷയങ്ങളുടെ പ്രവർത്തനങ്ങളുടെ പ്രാധാന്യം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുകയും വേണം .
- ഓരോ വിഷയത്തിന്റേയും ചോദ്യ പേപ്പർ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് അച്ചടിച്ച് നൽകേണ്ടതാണ്.
- അധ്യാപകർക്കുള്ള പ്രവർത്തനങ്ങളും നിർദ്ദേശങ്ങളും പ്രത്യേകമായി നൽകേണ്ടതാണ്.
- തമിഴ്, കന്നഡ, ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ ചോദ്യപേപ്പറിന്റെ തർജ്ജമ ചെയ്ത കോപ്പി ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
- മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, അസിസ്റ്റന്റ് എഡ്യുക്കേഷൻ ഓഫീസർമാർ, എസ്.എസ്.എ ജില്ലാ ഓഫീസുകൾ, ബി.ആർ.സി കൾ, ഡയറ്റുകൾ തുടങ്ങിയ എല്ലാ സ്ഥാപനങ്ങൾക്കും മുൻകൂട്ടി അടിയന്തര ശ്രദ്ധയ്ക്ക് എന്ന് നോട്ട് ചെയ്ത് നൽകേണ്ടതാണ്.
- വിദ്യാഭ്യാസ ഓഫീസർമാർ ഇതനുസരിച്ച് പ്രധാന അധ്യാപകരുടെ യോഗം വിളിച്ച് ആവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.
- ടേം മൂല്യനിർണ്ണയത്തിന്റേ (TE) 40 സ്കോറും നിരന്തരമൂല്യനിർണയത്തിന്റെ (CE) 10 സ്കോറും കൂട്ടികിട്ടുന്ന 50 സ്കോറിൽ ഓരോ കുട്ടിക്കും കിട്ടിയ സ്കോർ കാണുക.

ഇതിനെ ഗ്രേഡ് ആക്കി മാറ്റുക. അതിനായി ചുവടെ കൊടുത്തിരിക്കുന്ന പട്ടിക ഉപയോഗിക്കുക.

| എട്ടാം ക്ലാസ് | |
| --- | --- |
| സ്കോർ | ഗ്രേഡ് |
| 38-50 | A |
| 30-37 | B |
| 23-29 | C |
| 17-22 | D |
| 17 ൽ താഴെ | E |

ക്ലാസ് കയറ്റത്തിന് 8 ക്ലാസിൽ കുറഞ്ഞത് D + ഗ്രേഡ് ഓരോ വിഷയത്തിലും നേടിയിരിക്കണം.

| ഒൻപത്, പത്ത് ക്ലാസുകൾ | |
| --- | --- |
| സ്കോർ | ഗ്രേഡ് |
| 45-50 | A + |
| 40-44 | A |
| 35-39 | B + |
| 30-34 | B |
| 25-29 | C + |
| 20-24 | C |
| 15-19 | D + |
| 10-14 | D |
| 10 ൽ താഴെ | E |

ക്ലാസ് കയറ്റത്തിന് 9, 10 ക്ലാസുകളിൽ കുറഞ്ഞത് D + ഗ്രേഡ് ഓരോ വിഷയത്തിലും നേടിയിരിക്കണം.

## ടേം മൂല്യനിർണയ പ്രവർത്തനങ്ങൾ//പ്രായോഗിക പരീക്ഷ

**യു.പി, ഹൈസ്കൂൾ ക്ലാസുകൾ**

ക്ലാസ്റൂം പ്രവർത്തനങ്ങൾക്കൊപ്പം നിരന്തര മൂല്യനിർണയ പ്രവർത്തനങ്ങൾ നടത്തുന്നു. സ്വാഭാവികമായും കുട്ടിയുടെ പഠനനേട്ടങ്ങളുടെ ടേം വിലയിരുത്തലും നടത്തേണ്ടതാണ്. അറിവ്, ഭാവന, സർഗശേഷി, ആസ്വാദനം, പ്രകടനം, പ്രവർത്തനങ്ങളേറ്റെടുക്കാനുള്ള സന്നദ്ധത, സംഘാടനം, വ്യാഖ്യാനാത്മകത, മനോഭാവം, മൂല്യങ്ങൾ എന്നീ തലങ്ങൾ പരിഗണിച്ചുകൊണ്ടുതന്നെയാണ് ടേം മൂല്യനിർണയ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടത്. ഓരോ വിഷയമേഖലയിലേയും കുട്ടിയുടെ പ്രായോഗിക ശേഷികൂടി കണക്കിലെടുത്തുകൊണ്ടാകണം മൂല്യനിർണയ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടത്. പ്രായോഗിക തലത്തിന് മുൻതൂക്കം നൽകണമെന്ന് അർഥം. പർഫോർമൻസ് മാത്രമാണ് പ്രായോഗിക തലം എന്ന് തെറ്റിദ്ധരിക്കാൻ ഇടയുണ്ട്. കുട്ടികളുടെ പ്രകടനത്തോടൊപ്പം പ്രായോഗിക പരീക്ഷയിൽ പരിഗണിക്കേണ്ട മറ്റുചില കാര്യങ്ങൾ കൂടിയുണ്ട്.

ഉദാഹരണങ്ങൾ :

**കലാവിദ്യാഭ്യാസം:**

കലാവിദ്യാഭ്യാസത്തിൽ നാലു മേഖലകളാണുള്ളത്. സംഗീതം, ചിത്രകല, നൃത്തം, നാടകം എന്നിങ്ങനെ. ഈ നാലു മേഖലകളിൽ ഏതെങ്കിലും മേഖലകളിലായിരിക്കും കുട്ടിക്ക് സവിശേഷ താത്പര്യം ഉണ്ടായിരിക്കുക. അഥവാ ഒരു മേഖലയിലും കുട്ടിക്ക് സവിശേഷ താത്പര്യം ഉണ്ടായില്ലെന്നും വരാം.

എന്നാൽ മുഴുവൻ കുട്ടികൾക്കും എല്ലാമേഖലയിലുമുള്ള അനുഭവങ്ങൾ നൽകേണ്ടതുണ്ട്. പാട്ടുപാടുന്നതിനും നൃത്തം ചെയ്യുന്നതിനും അഭിനയത്തോടും ഒപ്പം ഇവയെ വിലയിരുത്താനും ആസ്വദിക്കാനും ഇവയുടെ സാമൂഹ്യവും കലാപരവുമായ പ്രാധാന്യം തിരിച്ചറിയുന്നതിനും കുട്ടിയെ പ്രാപ്തനാക്കുകയും വേണം. ഇത്തരം പ്രവർത്തനങ്ങൾ ക്ലാസിൽ ചെയ്യുമ്പോൾ ഐ.സി.ടി സാ... തകൾ പ്രയോജനപ്പെടുത്താൻ സാധിക്കും. പ്രസിദ്ധരായവരുടെ പർഫോർമൻസുകൾ കാണാനും അതിന്റെ സവിശേഷതകൾ വിലയിരുത്തി ചർച്ച ചെയ്യാനും കുറിപ്പുകൾ തയ്യാറാക്കാനും കുട്ടികൾക്കു സാധിക്കണം. കഥകളിപോലുള്ള, സങ്കേതങ്ങൾ ഒരുപാടുള്ള കലാരൂപങ്ങൾ ഇത്തരത്തിൽ ചെയ്യാവുന്നതാണ്. അതിനാൽതന്നെ എല്ലാ കുട്ടികൾക്കും എല്ലാമേഖലകളിലുമുള്ള അനുഭവങ്ങൾ ലഭ്യമാകുന്ന വിധത്തിലായിരിക്കണം പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതും മൂല്യനിർണയ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതും. ടേം മൂല്യനിർണയത്തിൽ ഇക്കാര്യം പരിഗണിക്കണം

### ആരോഗ്യ-കായിക വിദ്യാഭ്യാസം

ഈ വിഷയത്തിലെ എല്ലാ പഠനനേട്ടങ്ങളും എല്ലാ കുട്ടികൾക്കും ലഭ്യമാകുന്ന വിധത്തിലായിരിക്കണം പ്രവർത്തനങ്ങളും മൂല്യനിർണയവും നടത്തേണ്ടത്. ക്ലാസിലെ ഭിന്നശേഷിക്കാരനായ കുട്ടിക്കും കായിക പഠനത്തിന്റെ പഠനനേട്ടങ്ങൾ ലഭ്യമാകുന്ന വിധത്തിൽ അതിന്റെ നില/തലം നിശ്ചയിക്കേണ്ടതുണ്ട്. ഇവിടെ കുട്ടിയുടെ പ്രകടനം മാത്രമല്ല പരിഗണിക്കേണ്ടത്. വിവധ കായിക പ്രവർത്തനങ്ങളെ തിരിച്ചറിയുന്നതിനും അത് ആസ്വദിക്കുന്നതിനും പ്രകടനം വിലയിരുത്തുന്നതിനും പുതിയ സാധ്യതകളെക്കുറിച്ച് ചിന്തിക്കുന്നതിനും പ്രാപ്തനാക്കുക എന്നത് ലക്ഷ്യമാണ്. ഇത് പ്രായോഗിക പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തണം. ടേം മൂല്യനിർണയത്തിൽ ഇക്കാര്യം പരിഗണിക്കണം

### പ്രവൃത്തിപഠനം

പ്രവൃത്തിപഠന പ്രവർത്തനങ്ങളിൽ നിർമാണ പ്രവർത്തനങ്ങളിൽ ആഹാരവും കൃഷിയും എന്ന മേഖലയിൽ ലഘുഭക്ഷണങ്ങൾ തയ്യാറാക്കുന്ന പ്രവർത്തനത്തിൽ നേരിട്ട് ഇടപെടാൻ പറ്റാത്ത കുട്ടിക്ക് ഗ്രൂപ്പിൽ ഇടപെടാനും പാചകത്തിന്റെ ഘട്ടങ്ങൾ ഉൾക്കൊള്ളാനും സാധിക്കണം. പ്രവർത്തനം വിശദീകരിക്കാൻ സാധിക്കുകയും സൂചകങ്ങൾ പരിഗണിച്ച് അതിനെ വിലയിരുത്താൻ സാധിക്കുയും ചെയ്യണം. ഇത് കുട്ടിയുടെ പ്രായോഗിക ധാരണയായി കണക്കാക്കേണ്ടിവരും.

ഇത്തരത്തിലുള്ള സാധ്യതകൾ കണക്കിലെടുത്തുകൊണ്ടാണ് ടേം പരീക്ഷയ്ക്കുള്ള തയ്യാറെടുപ്പുകൾ നടത്തേണ്ടത്. അതിനാൽതന്നെ ഓരോ വിഷയത്തിലും മേഖലകൾ തെരഞ്ഞെടുക്കുമ്പോൾ ഭിന്നതല പ്രവർത്തനങ്ങൾ പരിഗണിക്കേണ്ടതാണ്. ഓരോ മേഖലയുടെയും വ്യത്യസ്ത തലങ്ങൾ പരിഗണിച്ചുകൊണ്ടായിരിക്കണം ടേം മൂല്യനിർണയശോധകങ്ങൾ തയ്യാറേക്കേണ്ടത്.

### നടത്തിപ്പ്

- ടേം മൂല്യനിർണയ പ്രവർത്തനങ്ങൾ ടേം പരീക്ഷാ ടൈം ഷെഡ്യൂളിൽ ഉൾപ്പെടുത്തേണ്ടതാണ്.
- ആരോഗ്യ-കായിക വിദ്യാഭ്യാസം/ കലാ വിദ്യാഭ്യാസം/ പ്രവത്തി പഠനം എന്നിവയുടെ പ്രായോഗിക പരീക്ഷ ടേം പരീക്ഷയായി നടത്താവുന്നതാണ്.
- വിദ്യാലയങ്ങളിൽ ഏകദിന പ്രവർത്തനങ്ങളായി ഈ വിഷയങ്ങളുടെ മൂല്യനിർണയ പ്രവർത്തനം നടത്താവുന്നതാണ്
- തയ്യാറാക്കിയ ചോദ്യങ്ങൾ വിദ്യാലയത്തിൽ എസ്.ആർ.ജി ചേർന്ന് അധ്യാപകർ ഉൾക്കൊള്ളേണ്ടതാണ്. പരീക്ഷയ്ക്കുള്ള തായ്യാറെടുപ്പുകൾ എന്തെല്ലാമെന്ന് മുൻകൂട്ടി തീരുമാനിക്കണം. ആവശ്യമായ സാമഗ്രികൾ എന്തെല്ലാമാണെന്ന് മുൻകൂട്ടി തീരുമാനിക്കേണ്ടിവരും. ഇതിനായി ചുമതലകൾ വിഭജിക്കുകയും ഏറ്റെടുക്കയും വേണം.
- 5, 6, 7, 8, 9, 10 ക്ലാസുകളിൽ മൂല്യനിർണയ പ്രവർത്തനങ്ങൾ നടക്കുന്ന ദിവസങ്ങളിൽ ഓരോ ക്ലാസിലേക്കും പ്രവർത്തനങ്ങൾ നടത്താനും വിഷയാധ്യാപകനെ സഹായിക്കാനും

വിദ്യാലയത്തിലെ മറ്റ് അധ്യാപകരെ മുൻകൂട്ടി തീരുമാനിക്കണം. അവർക്ക് മുൻകൂട്ടി ചോദ്യങ്ങളെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള കൃത്യമായ ധാരണ ഉണ്ടാകണം. ഇതിനായി സവിശേഷ എസ്.ആർ.ജി ചേരണം.

- ഇതുമായി ബന്ധപ്പെട്ട് ക്ലാസ് പി.ടി.എ(സി.പി.ടി.എ) വിളിച്ച് രക്ഷിതാക്കളെ ബോധ്യപ്പെടുത്തണം.
- മൂല്യനിർണയ ശോധകങ്ങളുടെ നിർദേശങ്ങളിൽ മൂല്യനിർണയം, നടത്തിപ്പ്, വിലയിരുത്തൽ സൂചകം എന്നിവയെ സംബന്ധിച്ച കാര്യങ്ങൾ സംശയലേശമന്യേ വിശദമാക്കിയിരിക്കണം.
- യു.പി.ക്ലാസുകളിൽ നിലവിലുള്ള രീതിയിൽ തന്നെ കുട്ടിയുടെ സ്കോർ രേഖപ്പെടുത്താവുന്നതാണ്. ഗ്രേഡിംഗ് സമ്പ്രദായമാണ് അനുവർത്തിക്കാവുന്നതാണ്.
- ഹൈസ്കൂൾ ക്ലാസുകളിൽ പ്രായോഗിക പ്രവർത്തനങ്ങൾക്കും രേഖപ്പെടുത്തലുകൾക്കും ഉൾപ്പെടെ 40 സ്കോർ കണക്കാക്കി ടേം മൂല്യനിർണയത്തിനുള്ള പ്രവർത്തനങ്ങൾ ക്രമീകരിക്കാവുന്നതാണ്. 10 സ്കോർ നിരന്തര മൂല്യനിർണയത്തിന്റെ ഭാഗമായി അധ്യാപിക സി.ഇ ആയി രേഖപ്പെടുത്തിയിരിക്കും.
- കുട്ടിയുടെ മൂല്യനിർണയ പ്രൊഫൈലിൽ( എസ്.ഇ.പി)-അഞ്ച് മുതൽ പത്ത് വരെ ക്ലാസുകളിൽ- ഈ സ്കോറുകൾ ഉൾപ്പെടുത്താവുന്നതാണ്.

ഡയറക്ടർ